**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1148** **18-01-2021 - ൽ മറുപടിയ്ക്ക്**

**താനൂർ നിയോജകമണ്ഡലത്തിലെ പാലം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | **Shri G. Sudhakaran**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | താനൂർ നിയോജകമണ്ഡലത്തിൽ 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച (കിഫ്ബി) അഞ്ചുടി പാലം, അങ്ങാടി പാലം എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | താനൂർ നിയോജക മണ്ഡലത്തിലെ അഞ്ചുടി പാലം നിർമ്മാണത്തിനു 22.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി അർത്ഥനപത്രം സമർപ്പിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതിക അനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. അങ്ങാടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് ഡിസൈൻ വിങ്ങിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ നിലവിലുള്ള അലൈൻമെന്റിൽ സ്കൂളും, മത പഠനശാലയും നിരവധി കച്ചവട സ്ഥാപനങ്ങളും ഉൾപ്പെടുന്ന-തിനാൽ ഭൂമി വിട്ട് നൽകുന്നതിനു ഭൂവുടമകൾ തയ്യാറാകുന്നില്ല. പ്രസ്തുത പാലത്തിനു 600 മീറ്റർ മാറി നിലവിലുള്ള താനൂർ പാലം IWAI ചട്ടം അനുസരിച്ചല്ല നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ ഈ പാലം പൊളിച്ച് IWAI ചട്ടങ്ങൾ പ്രകാരം പുതുതായി നിർമ്മിക്കേണ്ടതുണ്ട്. അതുകൊണ്ട് ഈ പാലത്തിലേക്ക് അങ്ങാടി പാലത്തിന്റെ അലൈൻമെന്റ് മാറ്റി ഇൻവെസ്റ്റിഗേഷൻ നടത്തുന്ന-തിനുള്ള അനുമതിയ്ക്കായുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ എപ്പോൾ ആരംഭിച്ച് എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പൊതുമരാമത്ത് വകുപ്പ് പ്രതീക്ഷിക്കുന്നത്; | (ബി) | ഭൂമി ലഭ്യമായാലുടൻ തന്നെ സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്ത് രണ്ടു വർഷത്തിനകം അഞ്ചുടി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമായാൽ തുടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി രണ്ടു വർഷത്തിനകം അങ്ങാടി പാലത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | മേൽ സൂചിപ്പിച്ച പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി എത്രയും വേഗം ആരംഭിച്ച് ജനങ്ങൾക്ക് | (സി) | മേൽ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കാനും പൂർത്തീകരിച്ച് ജനങ്ങൾക്ക് സമർപ്പിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ: വിശദാംശം അറിയിക്കുമോ ? | | നടപടികളാണ് സ്വീകരിച്ചു വരുന്ന |

സെക്ഷൻ ഓഫീസർ